LIBRARY ARCHIVES Kerala Legislative Assembly

കോളേജ് കാമ്പസുകളിലെ വിദ്യാർത്ഥി സംഘട്ടനങ്ങൾ

*19 [289] ശ്രീ. എം. പി. ഗംഗാധരൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. അടൂർ പ്രകാശ്:
,, ഡി. സുഗതൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഏതെല്ലാം കോളേജ് കാമ്പസുകളിൽ വിദ്യാർത്ഥി സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്ര വിദ്യാർത്ഥികളെ സസ്പെന്റ് ചെയ്തു;

(സി) ഈ സംഘട്ടനങ്ങളുടെ ഫലമായി വസ്തുവകകൾ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുകയ്ക്ക് എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) 1. ഡി. ബി. കോളേജ്, തലയോലപ്പറമ്പ്
2. എസ്. ഡി. കോളേജ്, ആലപ്പുഴ
3. എസ്. എൻ. എം. കോളേജ്, മാല്യങ്കര
4. എസ്. എസ്. വി. കോളേജ്, വളയഞ്ചിറങ്ങര
5. ശ്രീ. ശങ്കരാ കോളേജ്, കാലടി
6. സെന്റ് ആൽബർട്ട്സ് കോളേജ്, എറണാകുളം
7. അസ്മാബി കോളേജ്, വെമ്പല്ലൂർ
8. ശ്രീ. കേരള വർമ്മ കോളേജ്, തൃശൂർ
9. വ്യാസാ കോളേജ്, വടക്കാഞ്ചേരി
10. കെ. കെ. ടി. എം. ഗവൺമെന്റ് കോളേജ്, പുല്ലൂറ്റ്
11. ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്
12. ഗവൺമെന്റ് കോളേജ്, പേരാമ്പ്ര
13. എസ്. എൻ. കോളേജ്, കൊല്ലം
14. സെന്റ് ജോൺസ് കോളേജ്, അഞ്ചൽ
15. ദേവസ്വം ബോർഡ് കോളേജ്, ശാസ്താംകോട്ട
16. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

17. ഇക്ബാൽ കോളേജ്, പെരിങ്ങമല

18. മന്നാനിയ കോളേജ്, പാങ്ങോട്

19. എം. എസ്. എം. കോളേജ്, കായംകുളം

20. ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട

21. എൻ. എസ്. എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി

22. ഡി. ബി. കോളേജ്, പരുമല

23. എൻ. എസ്. എസ്. കോളേജ്, പന്തളം

24. കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

25. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, വയനാട് എന്നീ കോളേജുകളിൽ വിദ്യാർത്ഥി സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 83 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 52,750 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ

*20 [290] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

,, എൻ. ഡി. അപ്പച്ചൻ:

,, പി. ജെ. ജോയി:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതുമൂലം അവർ അദ്ധ്യാപകരായുള്ള സ്കൂളുകളിൽ എന്തെങ്കിലും പ്രശ്നം സൃഷ്ടിക്കപ്പെടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇങ്ങനെ എത്ര പേർ ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly